## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3094

15.2.2013- ൽ
മറുപടിക്ക്

## കയർമേഖലയിലെ ഇൻകം സപ്പോർട്ട് സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, എം. പി. വിൻസെന്റ്<br>,, ആർ. സെൽവരാജ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)കയർ മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ആവിഷ്കരിച്ചിട്ടുണ്ട്. കയർ മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം 31.01.2011-ലെ സർക്കാർ ഉത്തരവു പ്രകാരമാണ് നടപ്പിലാക്കിയത്. ഇതു പ്രകാരം കയർ പിരിമേഖലയിലെ തൊഴിലാളികളുടെ കൂലി നിബന്ധനകൾക്കു വിധേയമായി കുറഞ്ഞത് 150 രൂപയിൽ നിശ്ചയിച്ച് അതനുസരിച്ച് കയർ സംഭരണം നടത്തുക എന്ന രീതിയാണ് അവലംബിച്ചിരുന്നത്. ഈ ഉത്തരവു പരിഷ്ക്കരിച്ചു കൊണ്ടുള്ള 02.02.2012- ലെ ഉത്തരവു പ്രകാരം കയർ പിരി മേഖലയിലെ മിനിമം കൂലി 210/- രൂപയായി വർദ്ധിപ്പിക്കുകയും 31.01.2011-നു മുമ്പ് നിലവിലുണ്ടായിരുന്ന കൂലി 210 രൂപയും തമ്മിലുള്ള വ്യത്യാസം സർക്കാർ വിഹിതമായി കണക്കാക്കി അത് നേരിട്ട് കയർ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയും ചെയ്യുന്ന രീതിയിലാണ് ഇപ്പോൾ പദ്ധതി നടപ്പിലാക്കുന്നത്. |

| | |
|---|---|
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) പരമ്പരാഗത വ്യാവസായിക മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് അവരുടെ തൊഴിൽ ദിനങ്ങൾക്കനുസരിച്ച് ന്യായമായ വരുമാനം ഉറപ്പു വരുത്തുന്നതിനായി തൊഴിൽ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി. ഈ പദ്ധതിയിലൂടെ തൊഴിലാളികൾക്ക് അവർക്ക് അർഹതപ്പെട്ട തുക അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ എത്തുന്നു. കൂടുതൽ ഉൽപ്പാദനം നടത്താനും ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഇതു സഹായിക്കുന്നു. |
| (സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; | (സി) കയർ പിരി മേഖലയിൽ സർക്കാർ വിഹിതം തൊഴിലാളികൾക്ക് നേരിട്ട് കയർ പ്രോജക്ട് ഓഫീസുകൾ വഴിയാണ് നൽകുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്? | (ഡി) കയർ മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കിയതുവഴി ഓരോ തൊഴിലാളികളുടെയും പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും അവിടെ വർദ്ധിപ്പിച്ച കൂലിയുടെ സർക്കാർ വിഹിതം അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുകയും ചെയ്യുന്നു. ഫീൽഡ് ലവൽ ഉദ്യോഗസ്ഥരെ കൂടുതൽ ബോധവത്കരിക്കുന്നതിനായി ഏകദിന ശിൽപശാല നടത്തുകയും ബാങ്ക് അക്കൗണ്ട് തുടങ്ങാത്തവർക്കായി അക്കൗണ്ട് തുടങ്ങുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകിയും ടി പദ്ധതി നല്ല രീതിയിൽ നടത്തുന്നതിനായി എല്ലാ മാസവും പ്രോജക്ട് തലത്തിൽ പ്രോജക്ട് ഓഫീസർമാർക്ക് നിർദ്ദേശം നൽകി വരുകയും ചെയ്യുന്നുണ്ട്. കൂടാതെ പത്ര മാധ്യമങ്ങൾ വഴി ഈ പദ്ധതിയ്ക്ക് വിപുലമായ പ്രചരണം നൽകുന്നു. |

സെക്ഷൻ ഓഫീസർ